നിങ്ങളില് വിവാഹത്തിന് സാധിക്കുന്നവ൪ വിവാഹം
കഴിക്കട്ടെ. തീ൪ച്ചയായും അത് കണ്ണുകളെ താഴ്ത്തുന്നതും
ഗുഹ്യാവയവങ്ങളെ സംരക്ഷിക്കുന്നതുമാണ്. ആർക്കെങ്കിലും
അതിന് സാധിക്കില്ലെങ്കിൽ അവൻ നോമ്പെടുക്കട്ടെ. അത്
അവന് ഒരു പരിചയാണ്
അബ്ദുല്ലാഹി ബ്നു മസ്ഊദ് -هُْنَع هُ

َ ِض َي الل
ر- നിവേദനം: ഞങ്ങൾ നബി -صلى الله عليه وسلم- യോടൊപ്പമായിരുന്നു.
അപ്പോൾ അവിടുന്ന് പറഞ്ഞു: "നിങ്ങളില് വിവാഹത്തിന് സാധിക്കുന്നവ൪ വിവാഹം
കഴിക്കട്ടെ. തീ൪ച്ചയായും അത് കണ്ണുകളെ താഴ്ത്തുന്നതും ഗുഹ്യാവയവങ്ങളെ
സംരക്ഷിക്കുന്നതുമാണ്. ആർക്കെങ്കിലും അതിന് സാധിക്കില്ലെങ്കിൽ അവൻ
നോമ്പെടുക്കട്ടെ. അത് അവന് ഒരു പരിചയാണ്."
[صحيح] [متفق عليه]
ഇണയുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടാനും, വിവാഹത്തിൻ്റെ ചെലവുകൾ വഹിക്കാനും
ശേഷിയുള്ളവരോട് വിവാഹം കഴിക്കാൻ നബി -صلى الله عليه وسلم- പ്രേരിപ്പിക്കുന്നു. അവൻ്റെ കണ്ണുകളെ
നിഷിദ്ധമായ കാഴ്ച്ചകളിൽ നിന്ന് സംരക്ഷിക്കാനും, അവൻ്റെ ഗുഹ്യസ്ഥാനത്തെ സൂക്ഷിക്കാനും,
വൃത്തികേടുകളിലേക്ക് വീഴുന്നതിൽ നിന്ന് അവനെ തടഞ്ഞു നിർത്താനും സഹായകമാണ് വിവാഹം.
ദാമ്പത്യബന്ധം സാധിക്കുമെങ്കിലും വിവാഹത്തിൻ്റെ ചെലവുകൾ വഹിക്കാൻ കഴിയാത്തവരാണ്
എങ്കിൽ അവർ നോമ്പ് എടുക്കുകയാണ് വേണ്ടത്; അത് ലൈംഗികതൃഷ്ണയെ നിയന്ത്രിക്കുകയും
മോശമായ ചിന്തകളെ തടയാൻ സഹായിക്കുകയും ചെയ്യും.
https://sunnah.global/hadeeth/ml/show/5863